LIBRARY ARCHIVES Kerala Legislative Assembly

ആരാധനാലയങ്ങളെ വാട്ടർ ചാർജ്ജിൽ നിന്ന് ഒഴിവാക്കിയ നടപടി

35 [1721] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
" ജോർജ്ജ് ജെ. മാത്യു:
" കെ. എ. ചന്ദ്രൻ:
" എൻ. ശക്തൻ:
ശ്രീമതി രാധാ രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിൽ നിന്നും വാട്ടർ കണക്ഷൻ എടുത്തിട്ടുള്ള ഏതെങ്കിലും ആരാധനാലയങ്ങളെ വാട്ടർ ചാർജ്ജിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ഗണത്തിൽപ്പെട്ട ആരാധനാലയങ്ങളെയാണ് ഒഴിവാക്കിയിട്ടുള്ളതെന്ന് പറയുമോ;

(സി) എന്തടിസ്ഥാനത്തിലാണ് ഈ ഗണത്തിൽപ്പെട്ട ആരാധനാലയങ്ങളെ വാട്ടർ ചാർജ്ജിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതെന്ന് പറയുമോ;

(ഡി) ആരാധനാലയങ്ങളെ വാട്ടർ ചാർജ്ജിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) വാട്ടർ അതോറിറ്റിയിൽ നിന്നും വാട്ടർ കണക്ഷൻ എടുത്തിട്ടുള്ള ആരാധനാലയങ്ങളെ വാട്ടർ ചാർജ്ജിൽ നിന്ന് ഒഴിവാക്കിയിട്ടില്ല.

(ബി, സി ആന്റ് ഡി) ചോദ്യം ഉദിക്കുന്നില്ല.

കാരാപ്പുഴ ജലസേചന പദ്ധതി

36 [1722] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരാപ്പുഴ ജലസേചന പദ്ധതിയുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പദ്ധതി ആരംഭിച്ചത് ഏത് വർഷത്തിലായിരുന്നു; ആദ്യ ഘട്ടത്തിൽ കണക്കാക്കപ്പെട്ട പദ്ധതി എസ്റ്റിമേറ്റ് തുക എത്രയായിരുന്നു എന്നും ഇതിനകം എന്ത് തുക ചെലവഴിക്കുകയുണ്ടായി എന്നും അറിയിക്കാമോ;